# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.685** **29.11.2018-ൽ മറുപടിക്ക്**

ചെറായി 110 K V സബ് സ്റ്റേഷൻ

| | ചോദ്യം<br>ശ്രീ. എസ്.ശർമ്മ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| | ചെറായി 110 K V സബ് സ്റ്റേഷന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | | 7.3 കിലോമീറ്റർ 110 കെ.വി. മന്നം-ചെറായി ലൈൻ വലിക്കുന്നതിനും 110 കെ.വി. ചെറായി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുമായി 21.04.1999-ന് 7.8 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. എങ്കിലും 'Right of way issues' -മായി ബന്ധപ്പെട്ട് ധാരാളം കോടതി കേസുകൾ നിലനിന്നിരുന്നതിനാൽ 110 കെ.വി. ലൈനിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. 2012-ൽ സബ്സ്റ്റേഷന്റെ കൺട്രോൾ റൂം ബിൽഡിംഗിന്റെ ജോലികൾ പൂർത്തിയാക്കി. പിന്നീട് ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട കേസുകൾ ഒരു വിധം തീർപ്പാക്കിയതിനാൽ ഈ പദ്ധതി പുനരാരംഭിക്കാനായി എസ്റ്റിമേറ്റ് തുക പുതുക്കി 23.681 കോടി രൂപയ്ക്ക് 05.06.2017-ൽ ഭരണാനുമതിയും 09.06.2017-ൽ സാങ്കേതിക അനുമതിയും നൽകി. 2017 ജൂലൈയിൽ തന്നെ ഈ വർക്ക് ടെൻഡർ ചെയ്തിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ക്യാൻസൽ ചെയ്യേണ്ടി വന്നു. ആഗസ്റ്റ് 2017-ൽ വീണ്ടും റീ-ടെൻഡർ വിളിച്ചുവെങ്കിലും ആരും പങ്കെടുത്തില്ല. 27.09.2017-ലെ റീ-ടെൻഡറിൽ സിംഗിൾ ടെൻഡർ മാത്രം ലഭിച്ചതിനാൽ ക്യാൻസൽ ചെയ്യേണ്ടി വന്നു.<br><br>ഈ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 20.12.2017-ൽ ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രി യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത യോഗത്തിൽ ഈ പദ്ധതി നടപ്പിലാകാത്തതിൽ ആശങ്ക പ്രകടമാക്കുകയും ചെയ്തു. തൽഫലമായി വൈപ്പിൻ എം.എൽ.എ.യുടെ ആവശ്യപ്രകാരം |

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഈ പദ്ധതി ജനുവരി 2018-ൽ തന്നെ ടേൺകീ ആയി ടെൻഡർ ചെയ്യാനും ഡിസംബർ 2018-നകം പൂർത്തിയാക്കാനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. അതിൻ പ്രകാരം 110 കെ.വി. ലൈനിന്റെ നിർമ്മാണം ടെൻഡർ ചെയ്യുകയും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 09.03.2018-ന് M/s. V.Tech Engineers, Nagpur-ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. അതിൻപ്രകാരം ലൈനിന്റെ ജോലികൾ നടന്നുവരുന്നു. കൂടാതെ സബ്സ്റ്റേഷൻ ഉപകരണങ്ങളുടെ ഫൗണ്ടേഷൻ, കേബിൾ ട്രെഞ്ച് നിർമ്മാണം മുതലായ ജോലികളും അവാർഡ് ചെയ്തിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ